
# അമ്മയുടെ പാട്ട്;
# അച്ഛന്റേയും

പാട്ടുപാടിത്തന്നീടാനൊരു
പാട്ടുകാരിയല്ലമ്മ.
(പാട്ടുകാരനല്ലച്ഛൻ)
പാട്ടുപാടാൻ കഴിവില്ലാത്തൊരു
പാവമാണുനിന്നമ്മ
(പാവമാണുനിന്നച്ഛൻ)
രാഗമില്ല;താളമില്ല.
രമ്യമാം ശാരീരമില്ല.
ശ്രുതിയുമില്ല;ലയവുമില്ല.
സുന്ദരസാഹിത്യമില്ല.
എങ്കിലുമെൻ ഉണ്ണിക്കിന്നൊരു
(എങ്കിലുമെൻമുത്തിന്നിന്നൊരു)
ചിന്നത്താരാട്ടുകേൾപ്പിക്കാം
പൊൻകിനാവുകൾ കണ്ടുറങ്ങാൻ
പൊന്നുഷസ്സ് കണ്ടുണരാൻ
(പാട്ടുപാടി......)




അശോക് മോഹൻരാജ്
ഹിന്ദി വിഭാഗം


എത്രവർഷം നോമ്പ് നോറ്റു
നിന്നെ മകനായി ലഭിക്കുവാൻ
(നിന്നെമകളായി ലഭിക്കുവാൻ)
എത്രസ്വപ്നസൂനം പൂത്തു
നിനക്കു സ്വാഗതമോതുവാൻ
നിന്നെമാത്രം നോക്കിയിരിക്കാൻ
നിന്നെയൊന്നുതാലോലിക്കാൻ
മോഹമെന്തൊരു ദാഹമെന്നുടെ
ഓമലേ-ആരോമലേ
(പാട്ടുപാടി......)

എത്രവട്ടം നോക്കീം കണ്ടും
കണ്ണുകൾക്ക് മതിയാവില്ല
എത്രഹർഷപൂരംകൊണ്ടും
കരളിനൊട്ടുംകൊതിതീരില്ല
നിന്നെമാത്രംനോക്കിയിരിക്കാൻ
നിന്നെയെന്നും താലോലിക്കാൻ
മോഹമെന്തൊരുദാഹമെന്നുടെ
ഓമലേ-ആരോമലേ
(പാട്ടുപാടി......)

ബബിത. എം
മൂന്നാം വർഷ ബി.എസ്.സി ബോട്ടണി

# അസ്തമയം

ഇനിയുമൊരാശതൻ തിരിവെട്ടമോ?
ഇല്ല! എന്നെയിരുൾ സ്വന്തമാക്കിയിരിക്കുന്നു.
ദൂരെ അങ്ങു ദൂരെ മലഞ്ചെരിവിൽ
എന്റെ ദു:ഖസ്വപ്നങ്ങൾക്കൊരേയൊരു സാക്ഷി.
സാത്വികന്റെ ഗീതാവചനങ്ങൾ പോലെ
ഒരു സുന്ദരസുപ്രഭാതത്തിൽ
എന്നിലുപേക്ഷിക്കപ്പെട്ട മന്ത്രധ്വനികൾ
അതേ; അതിന്റെ നിറം മങ്ങിയിരിക്കുന്നു.
ചുരുട്ടിയ മുഷ്ടിയിലൊതുങ്ങുന്നു
മർത്യന്റെ നോവും നൊമ്പരങ്ങളും
അതിരു കടന്നാരോ ഉള്ളിലെ
സ്വപ്നബീജങ്ങൾ എറിഞ്ഞുടക്കുന്നു
ഉതിർന്നു വീഴും പലരക്തത്തിൽ പിടഞ്ഞലിയും
ജീവന്റെ നേർത്ത തുടിപ്പ്
പടർന്നൊഴുകിയവക്കൊരേ നിറം, ഒരേ ഗന്ധം
പേരിന്റെ വേർതിരിവറിയാതെ
പോരിന്റെ കാഠിന്യമില്ലാതെ
അവയൊഴുകുന്നു.
ഒരേ താളത്തിലൊരേ വേഗത്തിൽ
അതിൽ കുതിർന്നൊടുങ്ങിയെത്രയോ
നെഞ്ചിന്റെ നിശ്വാസ ഗദ്ഗദം.
സൃഷ്ടിയിൽ മനം നൊന്ത്
ബ്രഹ്മാവിൻ കണ്ണുനീർ പ്രളയമാവും
മുമ്പേ
തൃക്കണ്ണിൻ കോപാഗ്നിയിൽ
വെന്തൊടുങ്ങും മുമ്പേ
മനസ്സേ പിന്തിരിയുക
മുന്നിലെ ഗർത്തങ്ങളറിയുക
ഒരു തിരിവെട്ടം തിരയുക
വ്രണിത ഹൃദയങ്ങൾക്കൊരു
സ്നേഹ മന്ത്രമായി!

റജീന കുന്നത്ത്
രണ്ടാം വർഷ ബി.എ. ഇംഗ്ലീഷ്

# ബുദ്ധൻ ചിരിക്കുന്നു

*ഇന്നലെ*

ബുദ്ധന്റെ തത്വങ്ങൾ
വാഴ്ത്തിപ്പാടിയ
ജിഹ്വകളൊക്കെയും
തളർന്നു വീണു.
ചരിത്രത്തിന്റെയ-
നിവാര്യതയെന്ന്
ഉദ്ഘോഷിച്ച
ലിഖിതങ്ങൾക്കിനി
നീണ്ട ഇടവേള.
'ചിലപ്പതികാരം'
സാക്ഷിയായൊരു
ദിനങ്ങൾക്കുമുണ്ടോ
രണ്ടു മുഖങ്ങൾ?
അന്നും ബുദ്ധൻ
ചിരിക്കുന്നുണ്ടായിരുന്നു.



*ഇന്ന്*

മതം മാറ്റത്തിന്റെ
കാലഘട്ടത്തിൽ
ബുദ്ധനുവേണ്ടി
മിതവാദികളേറെ.
അണികളുടെ ആവേശം
തിരയായുയരുമ്പോൾ
വാനോളം പാറുന്നു
വർണ്ണ പതാകകൾ.
തലമുണ്ഡനം ചെയ്ത്,
കാവിയുടുത്ത്
ജനങ്ങൾക്ക് മുമ്പിൽ,
നേതാക്കന്മാർ
സാഭിമാനം
നിലകൊള്ളുന്നു.
ഇന്നും ബുദ്ധൻ
ചിരിക്കുന്നു.

*നാളെ*

തിരിച്ചുവരവിന്റെ
പാതയിലേക്ക് മടങ്ങുമ്പോൾ -
ഒരു പുനർവിചിന്തനം
ഇനിയും ശേഷിക്കുന്ന
വിവേകം കൂടി
കാത്തു സൂക്ഷിച്ച്
മടക്കയാത്ര.
അപ്പോഴും;
ബുദ്ധൻ ചിരിക്കും,
പൊട്ടിച്ചിരിക്കും,
ചിരിച്ചു കൊണ്ടേയിരിക്കും.


# Cries for

usna usman
second BA english.




"Oh! My Poem, could you help me-
to peace ?
Or could you help peace to reach me ?
I wonder, if the world was the birth place of
peace
But I know, world is now the graveyard of
peace,
who is buried alive
And peace in its grave struggles to grasp
a breathe,
to spread the freshest air on earth.
hances, but still hopes, the deeper desires of mind,
waiting for the
rebirth of the eternal Peace...."

# Down memory lane



saleem k.k.
second MA history

Let the windows be closed
Lest my love will be lost
Blown to blues...
Thrown to thorns....
My love may be lost...
Let the windows be closed


My love, an aching song,
in a language of no letters
a music with no notes
a tune that nobody knows,
My love, a forsaken lot
My room, filled with songs,
bewildered with withering pangs
still, the walls dream of the day,
when the doors open to the light.
To see a big 'yes' within the sight.

Then, dear, my love will take wings
To walk through the clouds
and at last to fall out of the sky
like a star broken and dry

Then, dear, my love will be read
with tunes, notes and letters
in verse, an elegy though it is...

Till then, let my love be in,
And please let the windows be closed

# *Dreams never die*



dr. asha mohamed
dept. of english

Dreams never die
they hibernate
long winter years,
to sprout on ledges
where the pipe leaks
to wet the refuse
of broken hearts.
Green hands aloft
they reach for the sky
Precariously.

Dreams never die
When extremities,
gangrene and amputate;
they walk on crutches,
nostalgic wolf-whisltes,
feline grace
hair swinging
hip to hip.

Dreams never die.
as the runner falls
atavistic;
limbs turn flippeis
atrophied
With swollen fingers
they probe the keys
searching the web
for vibgyor hues.

Dreams never die,
as the bottle drips,
the cylinder clips,
nurses pass by
like dovers,
beurred memories,
faces on the wayside,
unkept promises
of company, faith;
somewhere on the other side,
a better house,
a better spouse,
a better tribe,
awaits;

Dreams never die,
they go on
as eyes dilate,
and then go still.

അഭിജിത്ത്. ടി
ഒന്നാം വർഷ ബിഎസ്.സി ഫിസിക്സ്

# എന്നിൽ നിന്നെന്നിലേക്കെത്ര ദൂരം



കാലം മറിച്ചിട്ട ചിന്തകൾക്കുള്ളിൽ
എന്നെ ഞാനാക്കി നിർത്തുന്നതെന്ത്?
എന്നിൽ നിന്നെന്നിലേക്കെത്ര ദൂരം?
എന്നിൽ നിന്നെന്നിലേക്കെത്ര മാത്രം?
കത്തിജ്ജ്വലിക്കുന്ന തീവ്രമാം മാനസം
ഉത്തരത്തിലേക്കൊന്നെത്തി നോക്കി.
ഊറിയെടുത്തൊരാ പദ സഞ്ചയങ്ങളിൽ
ശരിയേത്, തെറ്റേത് അറിയില്ല മർത്ത്യാ...
ശാശ്വതമായൊരു ഉത്തരം കിട്ടുവാൻ
ശാശ്വതമായി തപസ്സിരിപ്പൂ ഞാൻ
ശക്തിമത്തായൊരാ ചൈതന്യമേത്?
ശക്തിയുടെ ഉർവരതയേത്?
പറയാതെയറിയുന്ന പദസഞ്ചയങ്ങളിൽ
പദമൂന്നി നിൽപാണ് ശാശ്വതമാം സത്യം.
പറയണമുണ്ടെനിക്കെന്നാലതിൻ ഭാവം
പറയാൻ ഭാഷയില്ലല്ലോ.

അനുഭവങ്ങൾക്കൊരു യാത്രയേകാൻ
അനുഭൂതികൾക്കൊരു യാത്രയേകാൻ
ഉള്ളിൽ വിലീനമാം ചൈതന്യമേത്?
ഉള്ളിലെ ത്വരയെന്നതെന്ത്?
പട്ടം പറത്തുന്ന പൈതലിൻ കൈകളിൽ
പൊട്ടുന്നതെന്തോ വച്ചുകൊടുക്കുന്നു
പൊട്ടിത്തെറിച്ചൊരാ പിഞ്ചുവിരലിൽ നി-
ന്നിറ്റിറ്റു വീഴുന്ന നിണമാണോ സ്നേഹം?
രക്തത്തിൽ രാഗവും ആകാശനീലയും
മുമ്പെന്ന പോലെ പവിത്രമല്ലിന്ന്.
മതമെന്ന പേരിൻ അർത്ഥങ്ങളെ കൊണ്ട്
പട്ടാളത്തേയും പൊട്ടായി മാറ്റുന്നു
തരുണിയുടെ അഴകായ പൊട്ട്.
മൗനം ത്വരകളെ വീണ്ടും
മധുരമൂറുന്നൊരാ സ്നേഹത്തിനുറവയിൽ
മദിരകളൊന്നും കലരാതെ.

# ജീവിതം

അനുജ അഹമ്മദ്
ഒന്നാം വർഷ ബി.എ. ഇംഗ്ലീഷ്



ജീവിതത്തെ സ്നേഹിക്കരുത്..
ജീവിതം നമുക്ക് കാണിച്ച് തരുന്ന
മധുരമോഹനകാഴ്ച്ചകൾക്ക് പിന്നിൽ
തമോഗർത്തങ്ങൾ പോലെ,
മരണത്തിന്റെ കൈകളുണ്ട്.
ജീവിതത്തെ വിശ്വസിക്കരുത്...
അസമത്വത്തിന്റെ ചെളിക്കഷ്ണങ്ങൾ
വാരിയെറിയുന്ന ജീവിതം
ആർക്കും നീതി കൊടുക്കാറില്ല.
ജീവിതം നമ്മെ പൊട്ടിച്ചിരിപ്പിക്കുമ്പോഴും
എവിടെ നിന്നോ ഒരു തേങ്ങൽ കേൾക്കാറില്ലേ?
എവിടെയോ ഒരു ഇരുണ്ട മുറിയിലിരുന്ന്
ആരോ കരയുന്ന പോലെ..
ആ ഇരുണ്ട മുറിയിൽ നിഴൽ പോലെ കാണുന്ന
രൂപം നമ്മുടേത് തന്നെയല്ലേ?
ജീവിതം മനോഹരമാണ്,
ചുറ്റും പൂമ്പാറ്റകൾ പാറിപ്പറക്കുമ്പോൾ
പക്ഷേ ആ പൂമ്പാറ്റകളുടെ ചിറകുകൾ അറ്റുവീഴുമ്പോൾ
ഒരു നൊമ്പരമായി ജീവിതം
നമ്മെ തഴുകുന്നു.
ജീവിതം ഒരു കടമാണ്
തരുന്നതെല്ലാം അത് തിരിച്ചെടുക്കും
ഓർമ്മകൾ മാത്രം സ്വന്തമായി
ഓർമ്മകളുടെ മാറാലകൾക്കുള്ളിൽ
സ്വയം കുടുങ്ങി,
പിടഞ്ഞ് പിടഞ്ഞ് കഴിയുമ്പോൾ
നമുക്ക് മനസ്സിലാവും
ജീവിതം വെറുക്കാനുള്ളതാണ്,
വെറുക്കാൻ മാത്രം.

# കണ്ണാടി ഒരു രാത്രി

ഹാരിസ് കെ.എം.

മൂന്നാം വർഷ ബി.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്

എന്റെ,
കണ്ണാടിയ്ക്ക് പിന്നിലാണ്
ഒന്നുമില്ല എന്ന സത്യമുള്ളത്
നിഴലുകൾ
കാലടികളിൽ നിന്നും
പറിഞ്ഞുപോകുമ്പോൾ
കണ്ണുചിമ്മിപോയില്ലെങ്കിൽ
കണ്ണാടിയെന്റെ ചങ്ങാതിയാകും.
കണ്ണ് കടലാകും... പിന്നെ നിന്നെക്കുറിച്ചുള്ള
ഓർമ്മ ചെറിയ ഒരു തിരയാകും
ഉറക്കത്തിൽ സ്ഖലിച്ച
സ്വപ്നങ്ങളുടെ ഈറൻ മാത്രം
ബാക്കിയാക്കി
രാത്രിയും പകലുമൊടുങ്ങും.

# lost



## Innocence of Child hood

Child,
The screams of your laughter
echo thru' the playgrounds
of yesterday.
Do you recognize me,
This voice of mine
which was once yours
But not anymore-
A click,
In a moment of Time
Those frozen moments
I reminisce...
Joy ..
Of the melting sensation of
Ice cream pools
In the soft of my palm
Running, like mad behind cockroaches and
digging them out of their hide-outs
Canooring down the Niagara,
And laughing...
... For no good reason
But
Now,
What do I know of your innocence
for mine has been
Stained,
& Lost forever...


ameera moidu
third B.Sc. physics



# മരണം പെയ്യുമ്പോൾ

സി.പി.അഷ്റഫ്
മൂന്നാം വർഷ ബി.കോം.

ഒരു മഴക്കാലം
പിശുക്കനാകുമ്പോൾ
പുഴയ്ക്ക്
ഓർമ്മകളിലേക്ക് തന്നെ
തിരിച്ചൊഴുകാതിരിക്കാൻ വയ്യ.
മഴപ്പൊട്ട് കൊണ്ട്
മേല് മുറിയാതെ
നിനക്കിനി
ചാനൽ ചതുരങ്ങളിൽ
മഴയുടെ സ്പോൺസേർഡ് കരച്ചിൽ
ഒരു മഴക്കുടപോലുമില്ലാതെ
കിഴവൻ കാറ്റ്
കുന്ന് കയറിപ്പോകുമ്പോൾ
വെയിൽ തിന്നും
കുടിനീര് തുപ്പിയ
കിണറുകൾക്ക്
തൊണ്ടവറ്റാതെ വയ്യ.
പ്രളയവും
പ്രണയവുമില്ലാതെ തന്നെ
നിന്റെ സ്വപ്നങ്ങൾ
പനിച്ചു വിറക്കുമ്പോൾ
മഴയ്ക്കും മരണത്തിനും
ഒരേ തണുപ്പ്..
ഒരേ പുതപ്പ്...




hasina habeeb
second BA economics

"My beloved dad
Your guidance is my prayer
And are they building blocks of my life
You are my protection,
And your presence keeps away strife.
you though never showed your love,
I knew your heart-"my dad"
It has features,faces and expressions
And for what am I to be sad.
A dad like you has God blessed me with
For more what do I need?
And the love from mom too I recieve
I have no erred
You held my hands,
Your affections are the bones of my shoulder.
If I was poor of you
I had been a shroulder.

# my beloved dad


ആതിര അഹമ്മദ്
ഒന്നാം വർഷ ബി.എ. ഇംഗ്ലീഷ്

# നക്ഷത്രങ്ങളും ഞാനും



എന്റെ ജാലകത്തിന് ഇപ്പോൾ നീലനിറമാണ്
ഇന്ന് മഴ പെയ്തതേയില്ല
കറുത്ത ആകാശം എനിക്കിഷ്ടമല്ല
അവിടെ നക്ഷത്രങ്ങളുണ്ടാവാറില്ല
അവ കൈനീട്ടി എന്നെ ചിരിപ്പിക്കാറില്ല
എല്ലാ നക്ഷത്രങ്ങളും മിഴികളടയ്ക്കുന്നത്
മഴ പെയ്യുമ്പോഴാണ്
മഴക്കാലത്ത് ഞാനേകയാണ്
ഞാൻ തിരയുകയാണ്, ഒരിക്കൽ
മഴയിൽ ചോർന്നൊലിച്ചുപോയ കുറച്ച് വാക്കുകൾക്കായി....
നക്ഷത്രങ്ങളും ഞാനും സംസാരിക്കാറില്ല
വാക്കുകൾ മഴവെള്ളം പോലെ പെയ്തിറങ്ങിയ
കാലം അവസാനിച്ചു
എന്റെയും നക്ഷത്രങ്ങളുടെയുമിടയിൽ മൗനം
മൗനത്തിലാണ് സ്നേഹം
മൗനത്തിലാണ് വാക്കുകൾ
പിന്നെയും എന്റെ ജാലകം കറുത്തു
മഴ പെയ്തു തുടങ്ങിയിരിക്കുന്നു.

# നമ്മുടെ മരുഭൂമികൾ



ഇത് കലാലയങ്ങളുടെ
വ്രണിത കാലം.
സ്വാർത്ഥതയുടെ
കൊടും ചൂടിൽ
ആത്മാവുരുകിപ്പോയ
ഹൃദയ ഭൂമികൾ
തണുത്തുറഞ്ഞകിനാവുകൾ
വലിച്ചടക്കപ്പെട്ട
ഹൃദയവാതിലുകളിൽ
കീഴടങ്ങലിന്റെ
കൊടിയടയാളങ്ങൾ
മുറിവേറ്റ പ്രണയം.
ലാഭക്കണക്കുകളിലേക്ക്
മാറ്റിയെഴുതപ്പെട്ട
സ്നേഹാക്ഷരങ്ങൾ
വളരുന്ന മരുഭൂമികൾ
കരിയുന്ന മരുപ്പച്ചകൾ
കാലത്തിന്റെ
കരൾത്തിണ്ടിലേക്ക്
തലതല്ലിവീഴുന്ന
ഒരു തലമുറയുടെ
കണ്ണീർ പൂവുകൾ
അറിയുക,
ഈ വേനലിൽ
നമ്മളാരാണ്
കലാപത്തിനൊടുവിൽ
ബാക്കിയായ,
തോറ്റോടിയവന്റെ
പതാകപോലെ.


ഷരീഫ എം.എച്ച്
ഒന്നാം വർഷ ബി.എ. ഇംഗ്ലീഷ്

മയ്യനാട് ഷാഹുദ്ദീൻ
മലയാള വിഭാഗം



# പാടങ്ങളിൽ

മരണം
കൊയ്തകറ്റുന്നു
ചന്തയിൽ വിൽക്കപ്പെടുന്നു.
താമരനൂലാൽ സ്നേഹമളന്ന്
കടലിലൊഴുക്കുന്നു.
ഒടിഞ്ഞു തൂങ്ങിയ ആകാശവും
വിണ്ടു കീറിയ മണ്ണും സാക്ഷി
വെറങ്ങലിച്ച ബലി കാക്കയുടെ
ചങ്കിലെ തൃഷ്ണയും കെട്ടടങ്ങി
അറവുകത്തിയിൽ
തലതൊടാതൊരു
പകലുണ്ട്
ബാക്കി
ഏറിയാൽ
ഒരു രാപ്പൊതി കൂടി



# പ്രതിഫലം


വഴിയിലെ മുള്ളെടുത്തുമാറ്റി
യാത്രക്കാരൻ പ്രാർത്ഥിച്ചു
"ദൈവമേ എനിക്കിതിന്ന്
പ്രതിഫലം തരേണമേ"
ദൈവം പറഞ്ഞു
"നിനക്കുവേണ്ടി വഴിയൊരുക്കി
മുൻപേ ഒരാൾ കടന്നുപോയി
അതുതന്നെ പ്രതിഫലം"

abhilash.j
First BBA

# *pain*



Across the parched scab tissues
of the barren summer;
My dry lips, they welcome
the tear drops of the
weeping cumuls.
tumultous pain is the aftermath
of gentle ripples
and silken winds,
and the subtle beginning
And now, it all remains,
a book marked page in my life.
Over which a fresh
bottle of ink is spilt.
Black.....
Resricting...
Why! Ever the winds laugh at me
The clouds spit rain over me
The green leaves point their
slender finger at me.
They ask one
scorching question
"You speak of pain,
You,
the one,
who seeded pain in another's heart;"





അനീഷ് കെ.ജി

രണ്ടാം വർഷ ബി.കോം


## I

പ്രിയേ
ഈ ക്യാമ്പസ് ദിനാന്ത്യത്തിൽ
നമുക്ക്
നമ്മുടെ നാളെയേക്കുറിച്ച്
എന്നെക്കുറിച്ച്
നമ്മളെക്കുറിച്ച്
പ്രണയനൈർമല്യത്തെക്കുറിച്ച്
എന്തെങ്കിലും പറയുക.
പ്രണയം പീഢനമാകുന്നതും
പീഢകന്റെയോ
പീഢിതയുടേയോ
നിലവാരമനുസരിച്ച് മാത്രം
മൂല്യവത്തായ വാർത്തകളെക്കുറിച്ച്
നമുക്ക് സംസാരിക്കുക
അല്ലെങ്കിൽ,
നമ്മുടെ ജീവിതം പോലും
വ്യർത്ഥമാകുന്നിടത്ത്
പ്രണയത്തിനെന്ത് പ്രസക്തി.

## II

സുഹൃത്തേ
നീ ഇപ്പോഴും ജീവിച്ചിരിക്കുന്നത്
അറുപതുകളിലോ എഴുപതുകളിലോ
ആണ്
ഭാവി
പ്രണയം
ജീവിതം
ഇവയെല്ലാം നീ എന്തിന്
കൂട്ടിക്കുഴയ്ക്കുന്നു.
എരിവും പുളിയുമില്ലാത്ത
പീഢനവാർത്തകളെങ്കിലുമില്ലെങ്കിലെ
ന്തിനു
പത്രം വായിക്കണം?
ഈ പ്രണയസായന്തനത്തിൽ
ഇന്റർനെറ്റിനെക്കുറിച്ച്
ഇന്നലെ ചാറ്റ്ചെയ്ത
സ്വവർഗ്ഗഭോഗിയായ
അമേരിക്കൻ ചങ്ങാതിയെക്കുറിച്ച്
സൂപ്പർമെഗാ സീരിയലിനെക്കുറിച്ച്
ആർത്തവക്രമക്കേടുകളെപ്പറ്റി
സുരക്ഷിതകാലത്തെപ്പറ്റി
വയാഗ്രതയുടെ ഉഗ്രതയെപ്പറ്റി
ആന്റിയുടെ ആന്തൂറിയം കൃഷിയെ
പ്പറ്റി
ഒക്കെ, ഒക്കെ സംസാരിക്കുക.

## III

സ്ത്രീയേ,
നമ്മുടെ പ്രണയത്തിന്റെ
സ്മരണക്കായി
എന്റെ സ്നേഹം നിറച്ച
ഒരു മഞ്ഞപ്പൊതി*
ഞാൻ നിനക്കായി വർഷിക്കുന്നു.
ഭക്ഷണമാണെങ്കിൽ കഴിച്ച് നീ
വിശപ്പടക്കുക
അല്ല, ബോംബാണെങ്കിലോ
താനെ പൊട്ടിയില്ലെങ്കിൽ
കടിച്ച് പൊട്ടിച്ച് മരിക്കുക
കാരണം
സാമ്രാജ്യത്വം പ്രതീക്ഷിക്കുന്ന
മൂന്നാം ലോക രാജ്യത്തെ
സ്ത്രീയും കാമുകിയുമൊക്കെ
നീ തന്നെയാണ്.

* അഫ്ഗാൻ ജനതക്കായി അമേരിക്ക വർഷിച്ച ബോംബുകൾക്കും, ഭക്ഷണപൊതികൾക്കും മഞ്ഞനിറമായിരുന്നതോർക്കുക.



ജനീഷ. കെ.സി
ഒന്നാം വർഷ ബി.എ. ഇക്കണോമിക്സ്

# തനിയാവർത്തനം

ഉണരുന്ന ഭൂവിന്റെ
പുൽനാമ്പിൽ മിന്നുന്ന
പളുങ്കുമുത്തിൻ ചുണ്ടിൽ
സൂര്യനേകിയ ആദ്യരശ്മി
നന്നേ പതുക്കെ ഒന്നു തൊട്ടു.
നറുമന്ദസ്മിതം തൂകി
ആയിരം കാന്തിയോടെയാ-
ഹിമകണം ഭൂമിയെ നോക്കിയിരുന്നു.
പക്ഷേ ഉദയത്തിന്റെ തുടർച്ചയിൽ
മറ്റു രശ്മികളുടെ ലാളനമേറ്റ്
കൺചിമ്മാതെ ചിമ്മാതെ
ആ പളുങ്കു സാമ്രാജ്യം
താനേ മാഞ്ഞുപോയി!
പോകെപ്പോകെ
ചിരിയെരിഞ്ഞ മുഖങ്ങൾകണ്ട്
സൂര്യനും മടുത്തു.
അത്ഭുതങ്ങളുടെ ചക്രവാളത്തിൽ
സ്വയമസ്തമിച്ചു,
എന്നിട്ടുമെന്തേ;
നാളെയുടെ തനിയാവർത്തനത്തിൽ
ഇനിയും പങ്കുചേരാനായ്
ഭൂമി മാത്രം കാത്തിരിക്കുന്നു?

പ്രീത. പി
രണ്ടാം വർഷ ബി.എ. മലയാളം



# തണുത്തുറഞ്ഞ രാവിൽ

ഹൃദയത്തിനു മീതെ വീഴുന്ന
മഞ്ഞുതുള്ളികൾ
മനസ്സിന്റെ വെള്ളിവെളിച്ചമാണ്.
ആ വെളിച്ചത്തിൽ ചിലമ്പിച്ച കണ്ണിൽ
മറ്റൊരു തന്ത്രിയായ് തിരിച്ചുവരിക
ഇരുട്ടിന്റെ മിന്നാമിനുങ്ങിനെ
പ്രകാശത്തിന്റെ നോവാണെന്നറിയുക
കണ്ണുകൾ വാക്കുകളായത്
നിന്റെ കണ്ണിലൂടെയാണ്.
ചിരിക്ക് വഞ്ചനയില്ലെന്നറിഞ്ഞത്
നിന്റെ ചിരിയിലൂടെയാണ്.
രക്തത്തിന്റെ സംവേദനങ്ങൾ
പാനപാത്രമായതും അന്നുമുതലാണ്.
മനസ്സിനെ ചന്ദനം തൊടീച്ച്
തന്ത്രി മുറുക്കി വീണ തുടിച്ചതും
ശിശിരവും രാവും നാദമായപ്പോൾ
കൊടും തീച്ചൂളയിലൂടെ നടന്നതും
ആത്മാവിൽ ഞെട്ടിയുണർന്ന്
നിറം മങ്ങിയ പാതവെട്ടിയതും
അഗാധ വിശുദ്ധിയായ്
നീ മിന്നിത്തിളങ്ങിയതും
രാവിന്റെ ചില്ലയിൽ നിന്ന്
തണുത്തുറഞ്ഞ മനവുമായ്
ഞാൻ പെറുക്കിയെടുക്കട്ടെ!